**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

**2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

2012 ജൂലൈ 25-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

1130/2012.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എം. എൽ. എ.

ശ്രീമതി ജമീലാ പ്രകാശം ,,

ശ്രീ. ജെയിംസ് മാത്യു ,,

,, ഇ. പി. ജയരാജൻ ,,

,, സി. പി. മുഹമ്മദ് ,,

,, സി. മോയിൻകുട്ടി ,,

,, എസ്. ശർമ്മ ,,

,, എം. വി. ശ്രേയാംസ് കുമാർ ,,

,, പി. തിലോത്തമൻ ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2012 മേയ് 23, ജൂലൈ 4 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ മേൽ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2012 ജൂലൈ 24-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. പി. മോഹനൻ,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2012 ജൂലൈ 25.

# റിപ്പോർട്ട്

2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒന്നാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2011 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 23-5-2012, 24-7-2012 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സർക്കാരിൽ നിന്നും അനന്തരനടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശകളുടെ വിവരവും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽ നിന്നും ലഭിച്ച അനന്തരനടപടി സ്റ്റേറ്റ്മെന്റുകളിൽ സമിതി അംഗീകരിച്ചവ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്ത് സമിതിയുടെ ശുപാർശകളിന്മേൽ അനന്തരനടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയുടെ വിവരവും ചേർത്തിരിക്കുന്നു.

## ഭാഗം I

### കൃഷി വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും

### ശുപാർശ

2401-00-104-86—ഫാം സെക്ടറുകൾക്കുവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി-(04) നെല്ലു സംഭരണത്തിന് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്ന നഷ്ടപരിഹാരം

വിഹിതം—75,00,00,000 രൂപ (നോൺ പ്ലാൻ)

ഈ സാമ്പത്തിക വർഷം ആകെ 22,459 ലക്ഷം രൂപ ഈ ഇനത്തിൽ ആവശ്യമുണ്ട്. ആയതിനാൽ 14,959 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സർക്കാർ സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷം അധിക ധനാഭ്യർത്ഥന (Additional Authorisation) മുഖേന 3265.22584 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ലഭിച്ചു.

ശുപാർശ

2401-00-113-90—ചെറുകിട കൃഷിയിട യന്ത്രവൽക്കരണം

വിഹിതം—1,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് കാർഷിക യന്ത്രവൽക്കരണത്തിന്, പ്രത്യേകിച്ചും നെൽകൃഷി മേഖലയിൽ ഇതിനകം തന്നെ തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്. കാർഷിക പ്രവർത്തനങ്ങളുടെ യന്ത്രവത്ക്കരണം കരകൃഷിക്കുകൂടി ഉതകുന്ന വിധത്തിൽ പുനഃക്രമീകരിക്കേണ്ടതുണ്ട്. കരകൃഷിക്ക് ചേരുന്ന യന്ത്രങ്ങളുടെ വികസനം, ഉയർന്നുതാഴ്ന്ന പ്രദേശങ്ങൾക്ക് യോജിച്ച യന്ത്രങ്ങളുടെ ഇറക്കുമതി, ചെറുകിട യന്ത്രവൽക്കരണത്തിനുള്ള ഗവേഷണം, വികസനം എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. തണ്ണീർത്തട പ്രദേശങ്ങളിലെ യന്ത്രവൽക്കരണത്തിനായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായും കാർഷിക സർവ്വകലാശാലയിലെ പദ്ധതികളുമായും സംയോജിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 150 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് 2401-00-102-82 പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ നിലവിലുള്ള 150 ലക്ഷം രൂപയ്ക്ക് പുറമെ അധികമായി 150 ലക്ഷം രൂപയ്ക്കുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ടെന്നും ഇത്തരത്തിൽ ആകെ 300 ലക്ഷം രൂപ 2011-12-ൽ വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെന്നും ആയതിനാൽ 2401-00-113-90 ശീർഷകത്തിൽ യന്ത്രവൽക്കരണത്തിന് കൂടുതൽ തുക ലഭ്യമാക്കേണ്ടതില്ലെന്നും കൃഷി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ശുപാർശ

2402-00-001-96—പഞ്ചായത്തുതല വിഭവ സർവ്വേ

വിഹിതം—46,00,000 രൂപ (പ്ലാൻ)

പഞ്ചായത്തുതല വിഭവ സർവ്വേ പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്ത മാകയാൽ അധികമായി 30 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

പഞ്ചായത്തുതല വിഭവ സർവ്വേ പദ്ധതിക്കായി 10-1-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 291/12/ധന. പ്രകാരം 10 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ അധികമായി വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

2435-01-101-85—വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം—4,50,00,000 രൂപ (പ്ലാൻ)

വിളവെടുപ്പ് കാലത്ത് കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കത്തക്ക രീതിയിൽ അംഗീകൃത ഏജൻസികൾ മുഖേന കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സർക്കാർ നിബന്ധനകൾക്ക് വിധേയമായി അംഗീകൃത സംഭരണ ഏജൻസികൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഉത്സവ സീസണിലെ പച്ചക്കറി സംഭരണം, വിപണനം, പച്ചത്തേങ്ങ സംഭരണം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ, സംസ്ഥാന കാർഷിക വില നിർണ്ണയബോർഡുമായി ബന്ധപ്പെട്ട പ്രവർത്തനചെലവുകൾ എന്നിവ ഈ വിഹിതത്തിൽ നിന്നും ഉപയോഗിക്കുന്നു. ഏലം വിലനിയന്ത്രണ ഫണ്ടിനായി 100 ലക്ഷം രൂപയും ഇതിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി അധികമായി 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

2011-12 വർഷം 2435-01-101-85 പ്ലാൻ ശീർഷകത്തിൽ 350 ലക്ഷം രൂപയാണ് ആദ്യ ബഡ്ജറ്റിൽ അനുവദിച്ചത്. 2011-12-ലെ ഭേദഗതി പത്രിക പ്രകാരം ഏലം വില നിയന്ത്രണഫണ്ടിനായി 100 ലക്ഷം രൂപ കൂടി അനുവദിച്ചു. തുടർന്ന് റബ്ബറിന്റെ വില സ്ഥിരതയ്ക്കായി വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന് നൽകുവാൻ ഉപധനാഭ്യർത്ഥന പ്രകാരം ഈ ശീർഷകത്തിൽ 456.85 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട് (ഗവൺമെന്റ് മറുപടി സമിതി അംഗീകരിച്ചില്ല).

ശുപാർശ

4401-00-190-97—കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രൊഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്-നിക്ഷേപങ്ങൾ

വിഹിതം—10,00,000 രൂപ (പ്ലാൻ)

ഹോർട്ടികോർപ്പ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ പൊതുമേഖലാ സ്ഥാപനം പഴം, പച്ചക്കറി എന്നിവയുടെ സംഭരണത്തിലും വിതരണത്തിലുമാണ് മുഖ്യമായി ഏർപ്പെട്ടിരിക്കുന്നത്. സംസ്ഥാനം കോർപ്പറേഷന് നൽകുന്ന മൂലധന ഓഹരിയായും പുതിയ വായ്പയ്ക്കുള്ള സീഡ് മണിയായും നീക്കിവെച്ചിട്ടുള്ളതാണ് വിഹിതം. പ്രസ്തുത വിഹിതം അപര്യാപ്തമാകയാൽ 45 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

## സർക്കാർ സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

## ശുപാർശ

4408-02-190-99—കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ-മുതൽമുടക്ക്

വിഹിതം—50,00,000 രൂപ (പ്ലാൻ)

കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന്റെ സ്വന്തം സ്ഥലത്ത് ഗോഡൗണുകൾ പണിയുന്നതിന് 5 കോടി രൂപ, റവന്യൂ ലാന്റ് ലഭ്യമാക്കി കണ്ടെയ്നർഫ്രൈറ്റ് സ്റ്റേഷൻ, ഗോഡൗണുകൾ, ശീതീകരിച്ച ഗോഡൗണുകൾ എന്നിവ പണിയുന്നതിന് 20 കോടി രൂപ, പഴയ ഗോഡൗണുകൾ നവീകരിക്കുന്നതിന് 8 കോടി രൂപ, തകഴി റൈസ് മില്ലിന്റെ പൂർത്തീകരണത്തിന് 4 കോടി രൂപ ഉൾപ്പെടെ ഈ പദ്ധതികൾക്കായി ആകെ 37 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

## സർക്കാർ സ്വീകരിച്ച നടപടി

വെയർഹൗസുകളുടെ നിർമ്മാണത്തിനായി (പുതിയവയുടെ നിർമ്മാണം, പഴയ ഗോഡൗണുകളുടെ നവീകരണം, ശീതീകരിച്ച ഗോഡൗണുകളുടെ നിർമ്മാണം എന്നിവ) SLEC 2011-12 (State Level Empowered Committee 2011-12) യിൽ 157.608 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും ടി പദ്ധതി NABARD-ന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുമുണ്ട്. തകഴി റൈസ് മില്ലിന്റെ പൂർത്തീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം അധിക തുക അനുവദിച്ചിട്ടില്ല.

## മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ശുപാർശയും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടിയും

## ശുപാർശ

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

വിഹിതം—11,00,00,000 രൂപ (പ്ലാൻ)

മൃഗാശുപത്രിവഴി കർഷകർക്ക് മരുന്നു വിതരണത്തിന് വകയിരുത്തിയ 500 ലക്ഷം രൂപയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം വാങ്ങിയ മരുന്നിന്റെ വില കൂടി നൽകേണ്ടതുണ്ട്. ആയതിനാൽ 2011-12 സാമ്പത്തിക വർഷത്തേക്ക് മരുന്ന് വാങ്ങുന്നതിനായി 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മരുന്ന് വാങ്ങുന്നതിന് ഈ സാമ്പത്തിക വർഷം 500 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം വാങ്ങിയ മരുന്നിന്റെ വില നൽകുന്നതിനും ഈ സാമ്പത്തിക വർഷം മരുന്ന് വാങ്ങുന്നതിനും അധികമായി 300 ലക്ഷം രൂപ കൂടി ആവശ്യമുണ്ടായിരുന്നെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശുപാർശ</u>

2403-00-102-85—<u>കന്നുകാലി വളർത്തൽ കേന്ദ്രം</u>

വിഹിതം—1,50,00,000 രൂപ (പ്ലാൻ)

കൃഷിവകുപ്പിന്റെ മുണ്ടേരി ഫാമിൽ സംയോജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മുണ്ടേരി ഫാമിൽ സംയോജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കുകയുണ്ടായി.

<u>ശുപാർശ</u>

2403-00-104-94—<u>ആടുവളർത്തൽ കേന്ദ്രങ്ങളുടെ വികസനം</u>

വിഹിതം—50,00,000 രൂപ (പ്ലാൻ)

കണ്ണൂരിലെ കൊമേരി ആടുവളർത്തൽ കേന്ദ്രം ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കണ്ണൂരിലെ കൊമേരി ആടുവളർത്തൽ കേന്ദ്രം ശക്തിപ്പെടുത്തുന്നതിന് കേന്ദ്രസഹായത്തോടുകൂടി 50 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

<u>ശുപാർശ</u>

2403-00-190-94—<u>കെ.എസ്.പി.ഡി.സി.ക്ക് സഹായം</u>

വിഹിതം—2,00,00,000 രൂപ (പ്ലാൻ)

ബഡ്ജറ്റ് വിഹിതത്തിൽ 61 ലക്ഷം രൂപയാണ് ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നീക്കിവച്ചിട്ടുള്ളത്. കേരള സംസ്ഥാന പൗൾട്രി വികസന

കോർപ്പറേഷന്റെ കീഴിലുള്ള കോഴിവളർത്തൽ ഫാമുകളിലൂടെ ഈ വർഷം 20 ലക്ഷം മുട്ടക്കോഴികളെ വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ അവസ്ഥയിൽ ഉത്പാദനം 10 ലക്ഷം മാത്രമാണ്. അധികമായി കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിലേക്കായി പേരന്റ് സ്റ്റോക്ക് വർദ്ധിപ്പിക്കുന്നതിനും അതിനാവശ്യമായ തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി 100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

കെ.എസ്.പി.ഡി.സി.യുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് 1 കോടി രൂപ സമിതി ശുപാർശ ചെയ്യുകയുണ്ടായി. അധികമായി കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനും, പിതൃശേഖരം വർദ്ധിപ്പിക്കുന്നതിനും 13-ാം ധനകാര്യ കമ്മീഷനിലൂടെ കുര്യോട്ടുമലയിൽ ഒരു ഹൈടെക് ലെയർ ഫാം സ്ഥാപിക്കുന്നതിന് 10 കോടി രൂപ അനുവദിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം 3 കോടി രൂപ വിനിയോഗിക്കുന്നതാണ്.

ശുപാർശ

2403-00-190-93—എം.പി.ഐ.യ്ക്ക് സഹായം

വിഹിതം—1,00,00,000 രൂപ (പ്ലാൻ)

കേരളത്തിലെ കുടുംബശ്രീകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും സഹകരണത്തോടെ മാംസവിപണന ശൃംഖല വിപുലീകരിക്കുന്നതിന് 340 വിപണന കേന്ദ്രങ്ങളിൽ ഗാഢശിതീകരണി സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി 128 ലക്ഷം രൂപയും, എം.പി.ഐ.യ്ക്ക് സ്റ്റോറേജ് സൗകര്യങ്ങളും വാഹനസൗകര്യവും വർദ്ധിപ്പിക്കുന്നതിനായി 100 ലക്ഷം രൂപയും ഉൾപ്പെടെ 228 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

228 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടെങ്കിലും അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡ് സഹായം

വിഹിതം—3,26,00,000 രൂപ (പ്ലാൻ)

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി പഞ്ചായത്തിലെ തിരുവാങ്ങൂരിൽ പ്രതിദിനം 300 ടൺ ഉത്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 600 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിലെ തിരുവാങ്ങൂരിൽ ഒരു ഹൈടെക് കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് ഭരണാനുമതിക്കായി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അധികം തുക കണ്ടെത്തുന്നതുമാണ്.

ശുപാർശ

2403-00-800-88—പ്രത്യേക കന്നുകാലി വികസന പദ്ധതി

വിഹിതം—9,30,00,000 രൂപ (പ്ലാൻ)

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 930 ലക്ഷം രൂപ നിലവിലുള്ള കന്നുക്കുട്ടികളുടെയും പുതുതായി ചേർത്തിട്ടുള്ള കന്നുക്കുട്ടികളുടെയും ധനസഹായ ത്തിനും പദ്ധതി നിർവ്വഹണത്തിനുമായാണ് വിനിയോഗിക്കുന്നത്. ഈ സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരിക്കുന്ന 50,000 കന്നുക്കുട്ടികളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 792 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

792 ലക്ഷം രൂപ ഓൾട്ടറേഷൻ മെമ്മോറാണ്ഡത്തിലൂടെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 13-ാം ധനകാര്യ കമ്മീഷനിലൂടെ ഈ സാമ്പത്തിക വർഷം 12,500 കന്നുക്കുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 15.84 കോടി രൂപ അനുവദിക്കുകയുണ്ടായി. അധികമായി 792 ലക്ഷം രൂപ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് അഭ്യർത്ഥിച്ചുവെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

2403-00-800-73—പക്ഷിപ്പനി ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവ് ചെയ്യുന്നതിനുള്ള നഷ്ടപരിഹാരം

വിഹിതം—ഇല്ല

പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷിപ്പനി ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവ് ചെയ്യുന്നതിനായി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

ടോക്കൺ പ്രൊവിഷൻ എന്ന നിലയിൽ 1,000 രൂപ ഉപധനാഭ്യർത്ഥന യിലൂടെ ലഭിക്കുകയുണ്ടായി.

ശുപാർശ

2403-00-800-70—ഭക്ഷ്യസുരക്ഷാ പദ്ധതിയിൻകീഴിൽ മുട്ടയുടെയും പാലിന്റെയും ഉത്പാദനവർദ്ധനവിനുള്ള പദ്ധതി

വിഹിതം—6,75,00,000 രൂപ (പ്ലാൻ)

ജനശ്രദ്ധ ആകർഷിച്ച പദ്ധതികളായ വീട്ടമ്മയുടെ അരുമക്കോഴികൾ, കെപ്കോ ഗ്രാമങ്ങൾ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് എന്നിവയ്ക്കായി തുകയൊന്നും വക കൊള്ളിച്ചിട്ടില്ല. കെ.എസ്.പി.ഡി.സി. യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുഖേന സംയോജിതമായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതികൾക്കായി 700 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

ആഭ്യന്തര മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.പി.ഡി.സി.യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുഖേന സംയോജിതമായി പദ്ധതി നടപ്പിലാക്കുന്നതിന് 575 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കി.

ശുപാർശ

മേജർ ഹെഡ് 2403 മൃഗസംരക്ഷണം—പദ്ധതി ഇതര ചെലവുകൾ

വിഹിതം—2,30,40,02,000 രൂപ (നോൺപ്ലാൻ)

2403 മേജർ ഹെഡിൽ പദ്ധതിയേതര ചെലവുകളിൽ അധികമായി 1,05,65,000 രൂപ താഴെപ്പറയും പ്രകാരം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

| | | | |
|---|---|---|---|
| 2403-00-001-99 | .. | 1,00,000 | |
| 2403-00-101-97 | .. | 50,000 | |
| 2403-00-101-87 | .. | 50,000 | |
| 2403-00-102-99 | .. | 1,00,000 | |
| ആകെ | .. | 3,00,000 | 3,00,000 |

പി.ഒ.എൽ.

| | | | |
|---|---|---|---|
| 2403-00-001-99-45 | .. | 40,000 | |
| 2403-00-101-87-45 | .. | 10,000 | |
| ആകെ | .. | 50,000 | 3,50,000 |

യാത്രാബത്ത

| | | | |
|---|---|---|---|
| 2403-00-001-98 | .. | 2,00,000 | |
| 2403-00-101-97 | .. | 1,50,000 | |
| 2403-00-101-87 | .. | 60,000 | |
| 2403-00-102-97 | .. | 30,000 | |
| 2403-00-102-96 | .. | 2,00,000 | |
| 2403-00-103-99 | .. | 50,000 | |
| 2403-00-103-96 | .. | 20,000 | |
| 2403-00-104-99 | .. | 10,000 | |
| 2403-00-105-99 | .. | 20,000 | |
| 2403-00-113-98 | .. | 1,50,000 | |
| ആകെ | .. | 8,90,000 | 12,40,000 |

മറ്റു ചെലവുകൾ

| | | | |
|---|---|---|---|
| 2403-00-101-99-34 | .. | 50,000 | |
| 2403-00-103-99-34 | .. | 20,00,000 | |
| 2403-00-103-96-34 | .. | 5,00,000 | |
| 2403-00-105-99-34 | .. | 7,00,000 | |
| ആകെ | .. | 32,50,000 | 44,90,000 |

വെള്ളക്കരം

| | | | |
|---|---|---|---|
| 2403-00-001-98 | .. | 15,000 | |
| ആകെ | .. | 15,000 | 45,05,000 |

വൈദ്യുതി ചെലവ്

| | | | |
|---|---|---|---|
| 2403-00-103-99 | .. | 50,000 | |
| 2403-00-103-96 | .. | 1,00,000 | |
| ആകെ | .. | 1,50,000 | 46,55,000 |

ടെലഫോൺ

| | | | |
|---|---|---|---|
| 2403-00-103-99 | .. | 10,000 | |
| ആകെ | .. | 10,000 | 46,65,000 |

സാധനസാമഗ്രികൾ

| | | | |
|---|---|---|---|
| 2403-00-101-98 | .. | 1,00,000 | |
| ആകെ | .. | 1,00,000 | 47,65,000 |

കണ്ടം ചെയ്ത വാഹനങ്ങൾക്കുപകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്

| | | | |
|---|---|---|---|
| 2403-00-101-97 | .. | 30,00,000 | |
| 2403-00-102-99 | .. | 3,00,000 | |
| 2403-00-800-88 | .. | 25,00,000 | |
| ആകെ | .. | 58,00,000 | 105,65,000 |

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

വിവിധ ശീർഷകങ്ങളിലായി 15,20,000 രൂപ അധിക ഫണ്ട് വഴി ലഭിച്ചിട്ടുണ്ട്.

ശുപാർശ

6403-00-190-99(02)—മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാലിമിറ്റഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.)

വിഹിതം—ഇല്ല

2009-2010 സാമ്പത്തിക വർഷം ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 190 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. 2009-2010-ൽ 38 ലക്ഷം രൂപയും, 2010-2011-ൽ 75 ലക്ഷം രൂപയും നൽകി കഴിഞ്ഞു. ബാക്കി തുക നൽകുന്നതിനായി 77 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

77 ലക്ഷം രൂപ അധികമായി ഈ പദ്ധതിക്കായി ഉൾപ്പെടുത്തുന്നതിന് പുതുക്കിയ ബഡ്ജറ്റിലൂടെയും, ഉപധനാഭ്യർത്ഥനയിലൂടെയും പ്രൊപ്പോസലുകൾ സമർപ്പിച്ചെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

6403-00-190-98—മീറ്റ് പ്രോസസിംഗ് പ്ലാന്റും ആധുനിക അറവുശാലയും സ്ഥാപിക്കുന്നതിന് ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്കുള്ള വായ്പ (നബാർഡ് 15-ാം ആർ.ഐ.ഡി.എഫ്. പദ്ധതി)

വിഹിതം—ഇല്ല

ഒരു ആധുനിക അറവുശാല വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ സ്ഥാപിക്കുന്നതിന് 2010-2011 സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിൽ 458.59 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം നൽകുകയുണ്ടായി. 2-ാം ഗഡു നൽകുന്നതിന് 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

200 ലക്ഷം രൂപ അധികമായി ഈ പദ്ധതിക്കായി ഉൾപ്പെടുത്തുന്നതിന് പുതുക്കിയ ബഡ്ജറ്റിലൂടെയും, ഉപധനാഭ്യർത്ഥനയിലൂടെയും പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടിയും

ശുപാർശ

2405-00-101-94—കായൽ പരിശോധനയ്ക്ക്

വിഹിതം—65,00,000 രൂപ (പ്ലാൻ)

ശാസ്ത്രീയമായി രൂപകല്പന ചെയ്ത കൃത്രിമപാരുകൾ കൂടുതൽ സ്ഥലത്ത് നിക്ഷേപിക്കുന്നത് പ്രസ്തുത പ്രദേശങ്ങളിൽ ഫലഭൂയിഷ്ഠമായ മത്സ്യ ആവാസ വ്യവസ്ഥ രൂപപ്പെടുന്നതിനും മത്സ്യസമ്പത്തിന്റെ വർദ്ധനവിനും സഹായകമാണ്. ഇത് അധിക ചൂഷണത്തിൽ നിന്നും മത്സ്യഇനങ്ങളെ പരിരക്ഷിക്കുകയും ചെയ്യുന്നു. അതിനാൽ കൃത്രിമപാരുകൾ (Artificial Reef) സ്ഥാപിക്കുന്നതിനും മത്സ്യസങ്കേതങ്ങൾ (Sanctuaries) സ്ഥാപിക്കുന്നതിനുമായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

2405-00-101-94 (പ്ലാൻ) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 65 ലക്ഷം രൂപ വകയിരുത്തിയിരുന്നു. മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിനായി 13.20 ലക്ഷം രൂപ 'ഫിർമ' യ്ക്കും കൃത്രിമപാരുകൾ സ്ഥാപിക്കുന്നതിനായി 49.5 ലക്ഷം രൂപ കേരള

തീരദേശവികസന കോർപ്പറേഷനും ടി തുകയിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. 2011-2012 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ വഴി 10 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം

വിഹിതം—3,00,00,000 രൂപ (നോൺ പ്ലാൻ)

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വാർദ്ധക്യ പെൻഷൻ/ വിധവ പെൻഷൻ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും നൽകി വരുന്നു. ഈ ആവശ്യത്തിനായി ഈ വർഷം പദ്ധതി ഇതര ചെലവുകളിൽ 300 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 49,000 ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി ഈ വർഷം വേണ്ടത് (കുടിശ്ശിക 486 ലക്ഷം ഉൾപ്പെടെ) 28 കോടി രൂപയാണ്. ആയതിനാൽ 28 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളി പെൻഷൻ നൽകുന്നതിനായി 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 1146 ലക്ഷം രൂപ [G.O. (Rt.) No.6671/2011 Fin. തീയതി 29-8-2011] പ്രകാരം അധികമായി അനുവദിച്ച് കിട്ടിയിട്ടുണ്ട്. 2011 സെപ്തംബർ മാസം മുതൽ 2012 മാർച്ച് വരെയുള്ള പെൻഷൻ അനുവദിക്കുന്നതിന് 1344 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. [G.O. (Rt.) No.523/2012/Fin. dated 18-1-2012].

ശുപാർശ

2405-00-800-92—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

വിഹിതം—6,00,00,000 രൂപ (നോൺ പ്ലാൻ)

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് അധികമായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

700 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള ശുപാർശ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

ശുപാർശ

2405-00-800-76—സംയോജിത മത്സ്യവികസന പദ്ധതി സബ്സിഡി
(100% എൻ.സി.ഡി.സി. സഹായം)

വിഹിതം—50,00,000 രൂപ (പ്ലാൻ)

മത്സ്യഫെഡിൽ അംഗങ്ങളായവരും പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങളും, മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിന് പദ്ധതിയുടെ സബ്സിഡിക്കായി 1220.78 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യഫെഡ്-പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കുള്ള വായ്പ സബ്സിഡിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. അധികമായി 11,74,83,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. [G.O. (Rt.) 1351/12/Fin. dated 15-2-2012].

ശുപാർശ

2405-00-800-75—മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യസമാശ്വാസ പദ്ധതി (50% CSS)

വിഹിതം—10,00,00,000 രൂപ (പ്ലാൻ)

ഈ വർഷത്തെ സമ്പാദ്യസമാശ്വാസ പദ്ധതിയുടെ തുക വിതരണം ചെയ്യുന്നത് 2012 ഏപ്രിൽ മാസത്തിലായതിനാൽ 700 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയ്ക്ക് പുറമെ 1120 ലക്ഷം രൂപ അധികമായി [G.O.(Rt.) No. 5522/2011/Fin. dated 11-7-2011 പ്രകാരം അനുവദിച്ച് കിട്ടിയിട്ടുണ്ട്].

ശുപാർശ

2405-00-800-24—സുനാമി ബാധിത പ്രദേശത്തിനുപുറത്തുള്ള മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി

വിഹിതം—8,00,00,000 രൂപ (പ്ലാൻ)

കടബാധ്യതമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിരാശ്വാസം നൽകുന്നതിന് താഴെ പറയുന്ന ശുപാർശകൾ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നടത്തിയിട്ടുണ്ട് :

| | | |
|---|---|---|
| സഹകരണ മേഖല | .. | 225 കോടി രൂപ |
| FDWCS | .. | 10 കോടി രൂപ |

ഇതിനുപുറമേ ദേശസാൽകൃത ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള 240 കോടി രൂപ എഴുതിത്തള്ളേണ്ടിവരുമെന്നു പ്രതീക്ഷിക്കുന്നു. നിലവിൽ 30000-ൽ പരം അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ആയതിനാൽ കടാശ്വാസം നൽകുന്നതിനുവേണ്ടി 300 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച 8 കോടി രൂപയ്ക്ക് പുറമെ കമ്മീഷൻ ശുപാർശ പ്രകാരം മത്സ്യത്തൊഴിലാളികളുടെ വായ്പകൾ തീർപ്പാക്കുന്നതിന് അധികമായി ആവശ്യമുള്ള തുകയ്ക്കുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2405-00-800-08—ഭവന നിർമ്മാണം

വിഹിതം—1,000 രൂപ (പ്ലാൻ)

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള സംസ്ഥാനാവിഷ്കൃത ഭവന നിർമ്മാണ പദ്ധതിക്ക് 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. തീരദേശ മേഖലയിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 1,000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

10 കോടി രൂപ എസ്.ഡി.ജി.യിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എസ്.ഡി.ജി.യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുക അഡീഷണൽ ഓതറൈസേഷൻവഴി അനുവദിക്കുന്നതിന് ശുപാർശ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

4405-00-800-80—<u>തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ</u>

വിഹിതം—48,65,00,000 രൂപ (പ്ലാൻ)

തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2011-2012 വർഷത്തിൽ 48.65 കോടി രൂപ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ചിട്ടുണ്ട്. 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു. നടപ്പുസാമ്പത്തിക വർഷത്തിൽ 7865.45 ലക്ഷം രൂപയുടെ ചെലവ് ഈ ശീർഷകത്തിൽ പ്രതീക്ഷിക്കുന്നു. 2011-2012-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ച് 500 ലക്ഷം രൂപ അധികം അനുവദിക്കുന്നതിനുള്ള ശുപാർശ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

4405-00-800-78—<u>ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം</u>

വിഹിതം—ഇല്ല

ആലപ്പുഴ ജില്ലയിൽ അന്ധകാരനഴിയുടെ വടക്കുഭാഗത്തായി പാലം പണിയുന്നതിനായി 497.597 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അന്ധകാരനഴി പാലം നിർമ്മാണത്തിനായി 497.597 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു. നടപ്പുസാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണത്തിന് 498 ലക്ഷം രൂപ ആവശ്യമാണ്. അടിയന്തിരമായി 200 ലക്ഷം രൂപ അനുവദിക്കുന്നതിന് ഉപധനാഭ്യർത്ഥനയിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഭാഗം II**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തവ താഴെ ചേർക്കുന്നു :

**കൃഷി വകുപ്പ്**

2810-00-105-99—ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി (100% കേന്ദ്രാവിഷ്കൃതം)

വിഹിതം—25,00,000 രൂപ (പ്ലാൻ)

ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനും അത് നിർമ്മിക്കുന്ന പണിക്കാർക്കും ഗുണഭോക്താവിനും മറ്റ് ബന്ധപ്പെട്ടവർക്കും പരിശീലനം നൽകുന്നതിനും ജീവനക്കാരുടെ ശമ്പളം, വാഹനങ്ങളുടെ ഇന്ധന പ്രവർത്തന ചെലവുകൾ എന്നിവ നേരിടുന്നതിനുമാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച 250 ലക്ഷം രൂപയ്ക്കു പുറമേ 191.37 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

2410-00-104-86—ഫാം സെക്ടറുകൾക്കുവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി (01) കടാശ്വാസ കമ്മീഷൻ

വിഹിതം—8,00,00,000 രൂപ (പ്ലാൻ)

കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള കടാശ്വാസ വിതരണത്തിനും കമ്മീഷന്റെ പ്രവർത്തന ചെലവുകൾക്കുമായി 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

2410-00-108-42—റീജിയണൽ നഴ്സറികൾ സ്ഥാപിക്കൽ (50% CSS)

വിഹിതം—25,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തിന് ആവശ്യമുള്ള അത്രയും തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ അടിസ്ഥാന സൗകര്യമില്ല. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനും തെങ്ങിൻ തൈകളുടെ വിതരണം ത്വരിതപ്പെടുത്തുന്നതിനുമായി മേഖലാ നഴ്സറികൾ ആരംഭിക്കുന്നതിനുമാണ് തുക ആവശ്യപ്പെട്ടിട്ടുള്ളത്. ചെലവിന്റെ 50 ശതമാനം നാളികേര വികസന ബോർഡിൽ നിന്നും ലഭ്യമാക്കുന്ന ഈ പദ്ധതിക്കായി 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

2401-00-108-36—അടയ്ക്കാ കർഷകർക്കുള്ള പ്രത്യേക പദ്ധതി

വിഹിതം—1,000 രൂപ (പ്ലാൻ)

2010-11 വർഷം കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി സംസ്ഥാന സർക്കാർ ഒരു പദ്ധതിക്ക് അനുമതി നൽകുകയുണ്ടായി. എന്നാൽ ഫണ്ടിന്റെ ലഭ്യത കുറവുമൂലം ഇത് നടപ്പിലാക്കാനായില്ല. കാസർഗോഡ് ജില്ലയിലെ കവുങ്ങ് കർഷകരെ സഹായിക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

2401-00-109-79—കർഷക ക്ഷേമ പദ്ധതി

വിഹിതം—2,08,00,000 രൂപ (പ്ലാൻ)

കർഷകരുടെയും കർഷക തൊഴിലാളികളുടെയും ഉന്നമനത്തിനായി കാർഷിക വികസന പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഏജൻസികളിൽ നിന്നും സഹായം സ്വീകരിച്ചുകൊണ്ട് ഒരു കോർപ്പസ് ഫണ്ട് ഇതിനകം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി തെരഞ്ഞെടുത്ത നെൽകർഷകർക്ക് മാസംതോറും 300 രൂപ നിരക്കിൽ പെൻഷൻ നൽകുകയും ചെയ്യുന്നു. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരംഗം മരണപ്പെട്ടാൽ കുടുംബത്തിന് മാസംതോറും 150 രൂപ കുടുംബ പെൻഷന് അർഹതയുണ്ട്. കൂടാതെ പദ്ധതിയിൽ അംഗങ്ങളായവരുടെ പെൺമക്കളുടെ വിവാഹത്തിന് 25,000 രൂപയുടെ ധനസഹായത്തിനും അർഹതയുണ്ട്. പദ്ധതിയിലെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് ഇവ നൽകുന്നത്. ഈ പദ്ധതിക്കായി 285 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

2401-00-110-99—വിള ഇൻഷ്വറൻസ്

വിഹിതം—1,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ 25 പ്രധാനവിളകൾക്കുവേണ്ടി 1995 മുതൽ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി നിലവിൽ വരികയും അംഗങ്ങളായ കർഷകരിൽ നിന്ന് രജിസ്ട്രേഷൻ ഫീസ്, പ്രീമിയം എന്നീ ഇനങ്ങളിൽ ലഭ്യമാകുന്ന തുകയും സർക്കാർ വിഹിതവും സ്വരൂപിച്ചാണ് വിള ഇൻഷ്വറൻസ് ഫണ്ട് രൂപീകരിക്കുന്നത്. ഇൻഷ്വറൻസ് പദ്ധതി സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ, പ്രത്യേകിച്ചും ചെറുകിട കർഷകർക്ക് നഷ്ടം നികത്താൻ കഴിയത്തക്കവിധത്തിൽ ഇൻഷ്വറൻസ് പുനഃക്രമീകരിക്കുന്നതാണ്. സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിന്റെ സംസ്ഥാന വിഹിതമാണ് ഈ തുക. ഇതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

2401-00-110-94—കാലാവസ്ഥ അടിസ്ഥാന ഇൻഷ്വറൻസ്

വിഹിതം—25,00,000 രൂപ (പ്ലാൻ)

2008-09-ൽ സംസ്ഥാനത്ത് കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പൈലറ്റ് പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. നെല്ല്, കശുമാവ്, മാവ് എന്നീ വിളകൾക്കാണ് പദ്ധതി ഏർപ്പെടുത്തിയത്. 2009-10-ൽ ഇത് കുരുമുളകിനുകൂടി വ്യാപിപ്പിച്ചു. ഈ പദ്ധതിയുടെ തുടർനടത്തിപ്പിനായിട്ടാണ് 2011-12-ൽ 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാകയാൽ അധികമായി 25 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

2401-00-110-92—നെൽകൃഷി വിള ഇൻഷ്വറൻസ്

വിഹിതം—4,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് അനുഭവപ്പെടുന്ന കാലാവസ്ഥാവ്യതിയാനം നെൽകൃഷിയെ സാരമായി ബാധിച്ചിരിക്കുന്നു. നെല്ലുവിള ഇൻഷ്വറൻസിനായി വകയിരുത്തിയിരിക്കുന്ന 400 ലക്ഷം രൂപ അപര്യാപ്തമാകയാൽ അധികമായി 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

2401-00-112-97—വിത്തുകൾ, ധാന്യങ്ങൾ, എണ്ണക്കുരുക്കൾ, എണ്ണപ്പനകൾ, ചോളം എന്നിവയുടെ സമഗ്രവികസനം (75% കേന്ദ്രാവിഷ്കൃതം)

വിഹിതം—10,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് എണ്ണപ്പനകൃഷി വികസിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്ന സഹായം വിനിയോഗിക്കുന്നതിനായി ഈ തുക ഉപയോഗപ്പെടുത്തുന്നതാണ്. ഓയിൽ പാം ഇന്ത്യ ലിമിറ്റഡാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കായി അധികമായി 5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

2401-00-113-86—കാർഷിക സേവന കേന്ദ്രങ്ങൾ

വിഹിതം—15,00,000 രൂപ (പ്ലാൻ)

കർഷകർക്ക് ആവശ്യമുള്ള ഉൽപ്പാദന ഉപാധികളായ വിത്ത്, വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവയും കാർഷികവൃത്തി മെച്ചപ്പെടുത്തുന്നതിനു വേണ്ടി ലഭ്യമായ അത്യന്താധുനിക സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം കർഷകരിലെത്തിക്കുക എന്ന ലക്ഷ്യവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് കാർഷിക സേവന കേന്ദ്രം. പ്രസ്തുത സേവന കേന്ദ്രങ്ങൾ കൃഷിഭവനുകൾക്ക് വിജ്ഞാന

വ്യാപന പ്രവർത്തനത്തിൽ വേണ്ട സഹകരണം ലഭ്യമാക്കുന്നതാണ്. പ്രസ്തുത ആവശ്യത്തിനായി 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

2401-00-119-86—സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ

വിഹിതം—11,00,00,000 രൂപ (പ്ലാൻ)

പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, പൂക്കൾ, കശുവണ്ടി, കൊക്കോ എന്നീ വിളകൾ കൃഷിചെയ്യുന്ന പ്രദേശങ്ങളിൽ പ്രാദേശിക അടിസ്ഥാനത്തിൽ അവയുടെ വികസനത്തിനായി പ്രോജക്ടുകൾ തയ്യാറാക്കി ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്രവികസനം പ്രോൽസാഹിപ്പിക്കുന്നതിന് 2005-06-ൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നിലവിൽ വന്നു. പത്താം പദ്ധതിയിൽ ഇതൊരു 100% കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു. എന്നാൽ പതിനൊന്നാം പദ്ധതിയിൽ കേന്ദ്ര സഹായം 85:15 എന്ന അനുപാതത്തിൽ മാറ്റിയിട്ടുണ്ട്. ഗവേഷണം, സാങ്കേതിക വിദ്യാപ്രചരണം, വിജ്ഞാനവ്യാപനം, ജലവിഭവങ്ങളുടെ പുനരുദ്ധാരണം, പോസ്റ്റ്ഹാർവസ്റ്റ് മാനേജ്മെന്റ്, ഉൽപ്പാദനവും കമ്പോളവും എന്നീ ഘടകങ്ങളെ ഈ പദ്ധതിയിൽ സംയോജിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി അധികമായി 845 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

2401-00-119-85—കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം—3,50,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം ആവശ്യകത പരിഹരിക്കുന്നതിന് പര്യാപ്തമല്ല. വി.എഫ്.പി.സി.കെ.-യും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായ സമീപനത്തോടെ കൃഷി വകുപ്പുവഴി പച്ചക്കറികൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനുവേണ്ടി കൃഷിവകുപ്പ് 2008-09-ൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ പച്ചക്കറി വികസനം എന്ന വിപുലമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ഗ്രാമങ്ങളിൽ പച്ചക്കറി കൃഷി വികസിപ്പിക്കൽ (1735 ഹെക്ടർ), 500 സ്കൂളുകളിൽ പച്ചക്കറിത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കൽ, 125 സ്കൂളുകളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തൽ, പ്രോജക്ട് അടിസ്ഥാനത്തിൽ നടത്തുന്ന പച്ചക്കറി കൃഷി പ്രോത്സാഹനം (25 ലക്ഷം രൂപ), പച്ചക്കറിവിത്ത് വിതരണം, റെസിഡൻസ് അസോസിയേഷൻ, മറ്റു സന്നദ്ധസംഘടനകൾ തുടങ്ങിയവ മുഖേന പച്ചക്കറി കൃഷി വികസനം, കർഷകർക്ക് ബ്ലോക്കുതല പരിശീലനം (151 എണ്ണം) എന്നീ ഘടകങ്ങളോടുകൂടി പ്രസ്തുത പദ്ധതി 2011-12 വർഷത്തിൽ തുടർന്നും നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമാകയാൽ അധികമായി 250 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

2401-00-800-35—മറ്റു 90% കേന്ദ്രാവിഷ്കൃത പദ്ധതികൾ (സംസ്ഥാന വിഹിതം) 02-മൈക്രോ ഇറിഗേഷൻ

വിഹിതം—1,00,000 രൂപ (പ്ലാൻ)

മണ്ണൊലിപ്പ്, ജലത്തിന്റെ ആഴത്തിലുള്ള ഊഴ്ന്നിറങ്ങൽ എന്നിവയിലൂടെ ഉണ്ടാകുന്ന ജലനഷ്ടം പരമാവധി ലഘൂകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നാളികേരം, വാഴ, പച്ചക്കറികൾ തുടങ്ങിയ വിളകൾ സൂക്ഷ്മതല ജലസേചനത്തിന് യോജിച്ചവയാണ്. കണിക, സ്പ്രിംഗ്ളർ ജലസേചനം നടത്തുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നതിന് വിഹിതം ഉപയോഗിക്കുന്നു. അനുവദിച്ച ഒരു ലക്ഷം രൂപ അപര്യാപ്തമാകയാൽ 19 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

2402-00-101-90—മേഖലാ മണ്ണ് പരിശോധനാ ലബോറട്ടറി സ്ഥാപിക്കലും കോന്നിയിൽ നിലവിലുള്ള ലബോറട്ടറി ശക്തിപ്പെടുത്തലും

വിഹിതം—80,00,000 രൂപ (പ്ലാൻ)

സാമ്പത്തികവർഷം രാസഭൗതിക പരിശോധനകൾ ഉൾപ്പെടെ 17000 മണ്ണുസാമ്പിളുകളുടെ പരിശോധനകൾ നടത്താൻ ഉദ്ദേശിക്കുന്നു. മണ്ണിന്റെ രാസഭൗതിക പരിശോധനകൾ നടത്താനാവശ്യമായ രാസവസ്തുക്കൾ, ഗ്ലാസ്സ്വെയറുകൾ, മേൽ സൂചിപ്പിച്ച പരീക്ഷണശാലകൾക്ക് ആവശ്യമായ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനായി തുക വിനിയോഗിക്കുന്നു. കൂടാതെ സംസ്ഥാനത്തെ മണ്ണിന്റെ ഡേറ്റാബേസിന്റെ വികസനത്തിനുവേണ്ടിയും വിഹിതം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അനുവദിച്ച തുക അപര്യാപ്തമാകയാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

2402-00-102-85—ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടി

വിഹിതം—10,00,000 രൂപ (പ്ലാൻ)

മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുവേണ്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവയിൽ പങ്കെടുക്കുവാൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് വേണ്ടിവരുന്ന ചെലവുകൾക്കുമാണ് പദ്ധതി വിഹിതം വിനിയോഗിക്കുന്നത്. ഭൂവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്കും വിജ്ഞാനവ്യാപനത്തിനുള്ള മേളകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിനും വിവിധ വിജ്ഞാന വ്യാപന ഉപാധികൾ, സൗകര്യങ്ങൾ എന്നിവ ആർജ്ജിക്കുന്നതിനുള്ള ചെലവുകളും ഇതിൽപ്പെടും. 2011-2012 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി ബഡ്ജറ്റിൽ

10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക തീരെ അപര്യാപ്ത മാകയാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

2402-00-102-84—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകാൻ സഹായം

വിഹിതം—1,00,000 രൂപ (പ്ലാൻ)

കമ്പ്യൂട്ടർവൽക്കരണത്തിന് പ്രസ്തുത തുക വിനിയോഗിക്കേണ്ടതും, സ്പാർക്ക്, സോയിൽ കൺസ്നെറ്റ് മുതലായ സോഫ്റ്റ്‌വെയറുകൾ വകുപ്പുതലത്തിൽ പ്രാവർത്തികമാക്കുന്നതിനുമായി 2011-12 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് തീരെ അപര്യാപ്തമാകയാൽ 10 ലക്ഷം രൂപ ഈ ഹെഡ്ഡിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

2415-01-277-99—കേരള കാർഷിക സർവ്വകലാശാല സഹായധനം

വിഹിതം—45,00,00,000 രൂപ (പ്ലാൻ)
115,60,80,000 രൂപ (നോൺ പ്ലാൻ)

സർവ്വകലാശാലയുടെ 31-3-2011 വരെയുള്ള ബാധ്യത തീർക്കുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 190 കോടി രൂപയും 2011-12-ലെ തനതു ചെലവുകൾക്കായി 150.43 കോടിയും ഉൾപ്പെടെ 340.43 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

2435-01-101-85—വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം—4,50,00,000 രൂപ (പ്ലാൻ)

വിളവെടുപ്പ് കാലത്ത് കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കത്തക്കരീതിയിൽ അംഗീകൃത ഏജൻസികൾ മുഖേന കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സർക്കാർ നിബന്ധനകൾക്ക് വിധേയമായി അംഗീകൃത സംഭരണ ഏജൻസികൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഉത്സവ സീസണിലെ പച്ചക്കറി സംഭരണം, വിപണനം, പച്ചത്തേങ്ങ സംഭരണം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ, സംസ്ഥാന കാർഷിക വില നിർണ്ണയബോർഡുമായി ബന്ധപ്പെട്ട പ്രവർത്തനചെലവുകൾ എന്നിവ ഈ വിഹിതത്തിൽ നിന്നും ഉപയോഗിക്കുന്നു. ഏലം വിലനിയന്ത്രണ ഫണ്ടിനായി 100 ലക്ഷം രൂപയും ഇതിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി അധികമായി 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

2435-01-800-97—അഗ്രോ ഇൻഡസ്ട്രീസ്

വിഹിതം—25,00,000 രൂപ (പ്ലാൻ)

യന്ത്രവത്കരണത്തിലൂടെയും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയിലൂടെയും കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തനുണർവ് നൽകാനുള്ള സർക്കാരിന്റെ ദൗത്യത്തിന്റെ നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സ്ഥാപനമാണ് ഈ കോർപ്പറേഷൻ. ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ള പുനരുദ്ധാരണ പാക്കേജ് അംഗീകരിച്ച് 500 ലക്ഷം രൂപ ഒറ്റത്തവണ സെറ്റിൽമെന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

4402-00-800-93—തീരദേശ സവിശേഷതകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ഭൂസംരക്ഷണവും ഉപ്പുരസനിയന്ത്രണവും-ഗ്രാമീണ അടിസ്ഥാന വികസനഫണ്ട്-നബാർഡ് സഹായ പദ്ധതി

വിഹിതം—ഇല്ല

ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ അടങ്കൽ തുക 196 ലക്ഷം രൂപയാണ്. 82% പണികൾ പൂർത്തീകരിക്കുകയും 146.507 ലക്ഷം രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തു. ഈ പദ്ധതിക്കായി കോർപ്പറേഷന് ആകെ ലഭിച്ചത് 125.98 ലക്ഷം രൂപയാണ്. 2011-12 ബഡ്ജറ്റിൽ ഈ പദ്ധതിക്ക് തുക ആവശ്യപ്പെട്ടിരുന്നെങ്കിലും തുക ഒന്നുംതന്നെ അനുവദിച്ചിട്ടില്ലാത്തതിനാൽ 35.15 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

4402-00-800-89—പഴങ്ങാട്ടു വടക്കേതൈക്കേചാൽ പുനരുദ്ധാരണം

വിഹിതം—ഇല്ല

ഭരണാനുമതി ലഭിച്ച പഴങ്ങാട്ട് വടക്കേതൈക്കേചാൽ പദ്ധതിയുടെ അടങ്കൽ തുക 89.21 ലക്ഷം രൂപയാണ്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുകയും 82.921 ലക്ഷം രൂപ ഈ പദ്ധതിക്കായി ഇതുവരെ ചെലവഴിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഫൈനൽ ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ പദ്ധതിക്കായി 2010-11-ൽ SDGവഴി ആകെ 50 ലക്ഷം രൂപയാണ് കോർപ്പറേഷന് അനുവദിച്ചത്. 2011-12 ബഡ്ജറ്റിൽ ഈ പദ്ധതിക്ക് തുക ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ചിട്ടില്ല. ആയതിനാൽ 46 ലക്ഷം രൂപ സൂപ്പർവിഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള ചെലവിനായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

## പൊതുശുപാർശകൾ

ലോകപ്രശസ്തമായ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ കൃഷി ശാസ്ത്ര ഡിപ്ലോമ ആരംഭിക്കുമെന്ന് പുതിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും കോഴ്സ് തുടങ്ങുന്നതിന് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. ആയതിനാൽ 2011-12 വർഷത്തേയ്ക്ക് പട്ടാമ്പി കാർഷിക ഗവേഷണ കേന്ദ്രത്തിൽ കൃഷി ശാസ്ത്ര ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് 181 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

കൃഷി ഭവനുകളിൽ ക്ലറിക്കൽ ജോലി ചെയ്യുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരി ല്ലാത്തതിനാൽ സാങ്കേതിക ജോലികൾ നിർവ്വഹിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ നിലവിൽ എല്ലാത്തരം ക്ലറിക്കൽ ജോലികളും മറ്റനുബന്ധജോലികളും ചെയ്യേണ്ടിവരുന്നു. തന്മൂലം കാർഷിക പദ്ധതികൾ നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർക്ക് തങ്ങളിൽ അർപ്പിതമായ ജോലി നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രികൾച്ചർ അസിസ്റ്റന്റുമാരെയും ക്ലർക്കുമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

### ക്ഷീര വികസനവകുപ്പ്

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

വിഹിതം—1,75,00,000 രൂപ (പ്ലാൻ)

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിജ്ഞാന വ്യാപന പ്രവർത്തനത്തിനും, ഉപദേശക സേവനങ്ങൾക്കുമായിട്ടാണ് ഈ ശീർഷകത്തിൽ നിന്നുമുള്ള തുക വിനിയോഗിക്കുന്നത്. 20 ഡയറി ഫ്രണ്ട്‌ലി പഞ്ചായത്തുകളിൽ ക്ഷീരവികസന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പരിപാടികളെപ്പറ്റിയുള്ള വിജ്ഞാനവ്യാപനത്തോടൊപ്പം പുതുതായി ഏറ്റെടുക്കുന്ന പരിപാടികളുടെ വിജ്ഞാനവ്യാപനം കൂടി നടപ്പിലാക്കുന്നതിനും അനുവദിച്ച തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ അധികമായി 202 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

2404-01-102-83—ക്ഷീരോല്പാദന ഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ (സി.എസ്.എസ്.)

വിഹിതം—ഇല്ല

സംസ്ഥാനത്തെ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള തുകയായാണ് മുൻവർഷങ്ങളിൽ ഈ ശീർഷകത്തിൽ അനുദവിച്ചിട്ടുള്ളത്. ഈ ഇനത്തിൽ 2011-12-ലേക്ക് തുക

അനുവദിച്ചിട്ടില്ല. അനുമതി ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ തുടർന്ന് ഫെയ്സ് 1-ൽ എറണാകുളം ജില്ലയ്ക്ക് 26.98 ലക്ഷം രൂപയും ഫെയ്സ് 2-ൽ ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 200.98 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 227.96 ലക്ഷം രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

2404-00-102-79—കാലിത്തീറ്റയ്ക്കുള്ള ധനസഹായം

വിഹിതം—6,00,00,000 രൂപ (പ്ലാൻ)

2010-11-ൽ ക്ഷീരകർഷകർ സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ കിലോയ്ക്ക് ഒരു രൂപ സബ്സിഡി നൽകി വിതരണം ചെയ്തിരുന്നു. കാലിത്തീറ്റ സബ്സിഡി ദുർബല വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നത് ഉല്പാദനവർദ്ധനവിനെ സഹായിക്കില്ല. സംഘത്തിൽ പാലൊഴിക്കുന്ന എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിയാൽ മാത്രമേ സംഘടിതമേഖലയിൽ പാൽ സംഭരണം വർദ്ധിപ്പിക്കുവാൻ സാധിക്കൂ. ആയതിനാൽ ഈ ശീർഷകത്തിൽ 1614 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

വിഹിതം—10,00,000 രൂപ (പ്ലാൻ)

പാൽ ഗുണനിലവാര പ്രവർത്തനങ്ങൾ ഏറ്റവും ഊർജ്ജിതമാകേണ്ട കാലഘട്ടമാണിത്. നാല് പ്രധാന ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും നിലവിലുള്ള ലബോറട്ടറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഇതിനായി 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

2404-00-109-93—മിൽക്ക്ഷെഡ് വികസന പദ്ധതി

വിഹിതം—6,40,00,000 രൂപ (പ്ലാൻ)

മിൽക്ക്ഷെഡ് വികസന പദ്ധതിയുടെ കീഴിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ ഡയറി യൂണിറ്റുകളിലെ പശുക്കൾക്ക് വറ്റുകറവക്കാലത്ത് കാലിത്തീറ്റക്കുള്ള ധനസഹായം നൽകേണ്ടതുണ്ട്. കൂടാതെ കൂടുതൽ കർഷകരിലേക്ക് പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതികൾ എത്തിക്കുവാനും മറ്റുമായി 358 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

2404-00-190-99—കെ.എൽ.ഡി. ബോർഡിന്റെ വികസന പ്രവർത്തനങ്ങൾ

വിഹിതം—35,00,000 രൂപ (പ്ലാൻ)

കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്ന ഹേർഡ് ബുക്ക് സ്കീം പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിനും ഉൽപ്പാദനക്ഷമത കൂടിയ പശുക്കളെ പുതിയതായി ഹേർഡ് ബുക്ക് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുംവേണ്ടി 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

2404-00-190-95—മലബാറി ആടുകളുടെ സംരക്ഷണവും മെച്ചപ്പെടുത്തലും

വിഹിതം—11,00,000 രൂപ (പ്ലാൻ)

കേരളത്തിന്റെ തനത് ജനുസ്സായ മലബാറി ആടുകളുടെ സംരക്ഷണത്തിനും വർഗ്ഗോദ്ധാരണത്തിനും അവയുടെ ഫീൽഡ് പെർഫോമൻസ് രേഖപ്പെടുത്തുന്നതിനും അധികമായി 4 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

2404-00-190-94—കാലിത്തീറ്റയുടെയും കാലിത്തീറ്റ വിത്തുകളുടെയും ഗവേഷണവും വികസനവും നടത്തുന്നതിനുവേണ്ടി കെ.എൽ.ഡി. ബോർഡിന് നൽകുന്ന സഹായം

വിഹിതം—20,00,000 രൂപ (പ്ലാൻ)

പുതിയ തീറ്റപ്പുല്ലിനങ്ങളും അവയുടെ വിത്തുകളും വികസിപ്പിച്ച് ക്ഷീരവികസനവകുപ്പുവഴി സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പദ്ധതിക്കായി അധികമായി 7 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

2404-00-190-93—കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ്—മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് പരിശീലനം നടത്തുന്നതിനുള്ള സഹായം

വിഹിതം—10,00,000 രൂപ (പ്ലാൻ)

കെ.എൽ.ഡി. ബോർഡിന്റെ പ്രായോഗിക വൈദഗ്ദ്ധ്യങ്ങൾ ഉപയോഗപ്പെടുത്തി മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് നൽകുന്ന പരിശീലന പദ്ധതിക്കായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

2404-00-190-89—<u>കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായം</u>

വിഹിതം—50,00,000 രൂപ (പ്ലാൻ)

കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായമായി താഴെപ്പറയുന്ന പദ്ധതികൾക്കായി 829.5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു :

<u>പന്നി വളർത്തൽ മേഖലയുടെ വികസനം</u>

കെ.എൽ.ഡി. ബോർഡിന്റെ കൈനൂർ പന്നി വളർത്തൽ കേന്ദ്രത്തിൽ നിന്നും വിദേശ ജനുസ്സിൽപ്പെട്ട ലാൻട്രേസ്, ലാർജ് വൈറ്റ്, യോർക്ക്ഷയർ, ഡ്യൂറോക്ക് എന്നീ ഇനങ്ങളിൽപ്പെട്ട ശുദ്ധ ജനുസ്സ് പന്നികളെ കൂത്താട്ടുകുളത്തുള്ള മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിലേക്ക് (എം.പി.ഐ.) മാറ്റിയിരുന്നു. വിദേശത്ത് നിന്നുള്ള ഇറക്കുമതി നിരോധിക്കപ്പെടുകയും, രാജ്യത്ത് മറ്റൊരു സ്ഥലത്തും പ്രസ്തുത ജനുസ്സുകൾ ലഭ്യമല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവയെ ഒരു ദേശീയ സമ്പത്തായി നിലനിർത്തേണ്ടത് ആവശ്യമാണ്. കെ.എൽ.ഡി. ബോർഡും എം.പി.ഐ.യും ഒരു സംയുക്ത സംരംഭമായിട്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. 250 പന്നികളേയും അവയുടെ സന്തതികളെയും നിലനിർത്തുവാൻ പാകത്തിൽ എം.പി.ഐ.-യിൽ വേണ്ട സജ്ജീകരണങ്ങൾ ചെയ്യുവാനും ഈ വിദേശ ജനുസ്സിൽപ്പെട്ട പന്നികളെ നിലനിർത്തുവാനാവശ്യമായ ചെലവുകൾക്കുമായി 125 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടതാണ്.

<u>കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉൽപ്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി</u>

കന്നുകാലികൾ കൂടുതലുള്ളതും, കുടുംബശ്രീ പ്രവർത്തനങ്ങൾ സജീവമായതുമായ പത്ത് ജില്ലകൾ തെരഞ്ഞെടുത്ത് ഓരോ ജില്ലയിലും ഒരു ഏക്കർ വീതമുള്ള 50 മോഡൽ തീറ്റപ്പുൽ കൃഷി യൂണിറ്റുകൾ സ്ഥാപിക്കുകയും അവിടെ ഉൽപ്പാദിപ്പിക്കുന്ന പുല്ല് പ്രത്യേകം സജ്ജമാക്കിയ വിപണന കേന്ദ്രങ്ങൾവഴി വിതരണം ചെയ്യുകയുമാണ് പദ്ധതി. ഇതിനുവേണ്ടി കർഷകർക്കും കുടുംബശ്രീ പ്രവർത്തകർക്കും ബോർഡ് പരിശീലനം നൽകുകയും ചെയ്യും. ഈ പദ്ധതിയുടെ നടത്തിപ്പിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണ്.

<u>കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസനം</u>

കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ബീജോൽപ്പാദന കേന്ദ്രങ്ങൾ, പ്രാദേശിക ബീജ ബാങ്കുകൾ, ദ്രവനൈട്രജൻ വിതരണ ശൃംഖല ഇവ ശക്തിപ്പെടുത്തേണ്ടതുണ്ട്. ശാഢശീതീകരിച്ച ബീജമാത്രകളുടെ ഉൽപ്പാദനസമയത്തുള്ള ഗുണനിലവാരം, പശുക്കളിൽ നിക്ഷേപിക്കപ്പെടുന്നതുവരെ നിലനിർത്തേണ്ടത് പ്രത്യുൽപ്പാദനക്ഷമതയ്ക്കും, അതിലൂടെ ഉൽപ്പാദന നിരക്കിന്റെ വർദ്ധനയ്ക്കും അത്യന്താപേക്ഷിതമാണ്. ഈ പദ്ധതിക്കുവേണ്ടി 50 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടതാണ്.

കോലാഹലമേട് ഹൈടെക് ഡയറിഫാം

നിലവിലുള്ള ഫാമുകൾ നവീകരിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഷെഡ്ഡും, അനുബന്ധ മിൽക്കിംഗ് പാർലർ, കന്നുകുട്ടി യൂണിറ്റ്, ജലശേഖരണ വിതരണ സൗകര്യങ്ങളുടെ വികസനം, പുൽകൃഷി സൗകര്യ വികസനം എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു. കോലാഹലമേട് ഹൈടെക് ഡയറി ഫാമിന് 604.5 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടതാണ്.

ആകെ : 125+50+50+604.5 = 829.5 ലക്ഷം രൂപ

(ഖണ്ഡിക 50)

2404-00-800-84—കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉൽപ്പാദനവും സൂക്ഷിക്കലും

വിഹിതം—3,00,00,000 രൂപ (പ്ലാൻ)

തീറ്റപ്പുൽ ഉല്പാദനം വർദ്ധിപ്പിച്ച് പാൽ ഉല്പാദന ചെലവ് കുറയ്ക്കുന്നതിനായി കൂടുതൽ പ്രദേശത്തേക്ക് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ തീറ്റപ്പുൽ കൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിനും ജലസേചന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 146 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

2404-00-800-79—ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം

വിഹിതം—75,00,000 രൂപ (പ്ലാൻ)

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷകർക്ക് ആവശ്യമായ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമാകയാൽ 325 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

മേജർ ഹെഡ് 2404—പദ്ധതി ഇതര ചെലവുകൾ

വിഹിതം—31,54,52,000 രൂപ (നോൺ പ്ലാൻ)

വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ക്ഷീരവികസന മേഖലയിലെ ദേശീയ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകളിൽ പരിശീലനം ലഭ്യമാക്കുന്നതിന് വേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. 2404 മേജർ ഹെഡിൽ പദ്ധതി ഇതര ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ വാങ്ങൽ, ടൂർ ടി.എ.,

മറ്റു ചെലവുകൾ, വാഹന അറ്റകുറ്റപ്പണികൾ, ട്രെയിനിംഗ് എന്നിവയ്ക്കായി 124.96 ലക്ഷം രൂപ താഴെപ്പറയും പ്രകാരം അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു :

| | | | |
|---|---|---|---|
| 2404-00-001-99-05 | ഓഫീസ് ചെലവുകൾ | : | 2.07 ലക്ഷം |
| 2404-00-001-99-21-1 | വാഹനം വാങ്ങൽ | : | 12.66 ലക്ഷം |
| 2404-00-001-99-21-2 | സംരക്ഷണവും അറ്റകുറ്റപ്പണികളും | : | 1.52 ലക്ഷം |
| 2404-00-001-98-04-1 | യാത്രാബത്ത | : | 6.11 ലക്ഷം |
| 2404-00-001-98-05-4 | മറ്റിനങ്ങൾ | : | 3.65 ലക്ഷം |
| 2404-00-001-98-21-1 | വാഹനം വാങ്ങൽ | : | 75.32 ലക്ഷം |
| 2404-00-001-97-04-1 | യാത്രാബത്ത | : | 13.51 ലക്ഷം |
| 2404-00-109-98-21-2 | സംരക്ഷണവും അറ്റകുറ്റപ്പണികളും | : | 0.12 ലക്ഷം |
| 2404-00-109-99 | പരിശീലനം | : | 10.00 ലക്ഷം |
| | ആകെ | | 124.96 ലക്ഷം |

(ഖണ്ഡിക 53)

4404-00-109-99—മരാമത്ത് പണികൾ

വിഹിതം—ഇല്ല

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന 60 വർഷത്തോളം പഴക്കമുള്ള കെട്ടിടത്തിന്റെ മേൽക്കൂരയിൽ ചോർച്ചയും പലഭാഗത്തും സീലിംഗ് പൊട്ടി താഴെ വീണിട്ടുള്ളതും ആയതിനാൽ ഇതിന്റെ അറ്റുകുറ്റപ്പണികൾ അടിയന്തിരമായി നിർവ്വഹിക്കേണ്ടതുണ്ട്. കൂടാതെ മെയിൻ റോഡിൽ നിന്നും ഹെഡ് ഓഫീസിലേക്കുള്ള സബ്റോഡ് ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപ്പണിയും അത്യാവശ്യമാണ്. ക്ഷീര പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നല്ല ഒരു ഭാഗം പുതുതായി ആരംഭിച്ച വെറ്ററിനറി സർവ്വകലാശാലയുടെ ലേസൺ ഓഫീസ് പ്രവർത്തിക്കുന്നതിനുവേണ്ടി അനുവദിച്ചതിനാൽ വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രത്തിൽ വച്ച് വിവിധ പരിശീലനങ്ങൾ നടത്തുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് രണ്ട് നിലകൂടി നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്തായി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ ഡയറി ഡയറക്ടറേറ്റ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ അവലോകനയോഗങ്ങൾ നടത്തുന്നതിന് ഒരു കോൺഫറൻസ് ഹാൾ പണിയേണ്ടതുണ്ട്. ഈ ആവശ്യങ്ങൾക്കായി 250 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

4405-00-104-74—ചെത്തി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രവിഹിതം)

വിഹിതം—ഇല്ല

ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

4405-00-104-73—ചേറ്റുവ മത്സ്യബന്ധന തുറമുഖം (50% കേന്ദ്രവിഹിതം)

വിഹിതം—ഇല്ല

ചേറ്റുവ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 827.47 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

4405-00-104-72—ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (50% കേന്ദ്രവിഹിതം)

വിഹിതം—ഇല്ല

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 1027.47 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

4405-00-800-82—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം—5,00,00,000 രൂപ

എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന ഹാർബർ നിർമ്മാണത്തിലേക്കാവശ്യമായ 1.37 ഹെക്ടർ സ്ഥലം പൊന്നിൻവിലയ്ക്ക് എടുക്കുന്നതിന് 198 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

കെ. പി. മോഹനൻ,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*